"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സാക്ഷരത പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിച്ച്കൊണ്ട്-ഉത്തരവാകുന്നത്-സംബന്ധിച്ച്

**തദ്ദേശ സ്വയംഭരണ(ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(കൈ) നം.200/2025/LSGD തീയതി,തിരുവനന്തപുരം, 04-11-2025

പരാമർശം:-
1 22.09.2023 തീയതിയിലെ സ.ഉ.(കൈ) നം.140/2023/GEDN നമ്പർ ഉത്തരവ്
2. 25.06.2024 തീയതിയിലെ സ.ഉ.(സാധാ) നം.1131/2024/LSGD നമ്പർ ഉത്തരവ്
3 01.07.2025 തീയതിയിലെ സ.ഉ.(സാധാ) നം.1630/2025/LSGD നമ്പർ ഉത്തരവ്

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരത മിഷനെയും സാക്ഷരത പ്രേരക്മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സാക്ഷരത പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയത്തിന്റെ 60% പ്രേരക്മാർ സേവനമനുഷ്ഠിച്ച് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനും, അവശേഷിക്കുന്ന 40% അനുവദിക്കുന്നതിന് സാക്ഷരത മിഷനെയും ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. 2025 മേയ് മാസം വരെയുള്ള പ്രേരക് ഓണറേറിയം കുടിശ്ശിക അനുവദിക്കുന്നതിനായി '2515-00-102-21-36 (P) KSLMA Grant-in-Aid-General Non-Salary' എന്ന ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 7,32,09,280/- രൂപ പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത നടപടികളുടെ തുടർച്ചയായി സാക്ഷരത പ്രേരക്മാരുടെയും പ്രേരക് സംഘടനകളുടെയും നിവേദനങ്ങളിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഓണറേറിയം 01.11.2025 തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

| വിഭാഗം | നിലവിലെ പ്രതിമാസ ഓണറേറിയം | വർദ്ധിപ്പിച്ച പ്രതിമാസ ഓണറേറിയം |
|---|---|---|
| നോഡൽ പ്രേരക് | 15,000 | 16,000 |
| നോഡൽ അസിസ്റ്റന്റ് പ്രേരക്, തുടർ വിദ്യാകേന്ദ്രം പ്രേരക്, തുടർ വിദ്യാകേന്ദ്രം അസിസ്റ്റന്റ് പ്രേരക് | 12,000 | 13,000 |

സാക്ഷരത മിഷന്റെ പ്ലാൻ ഫണ്ടുമായി ബന്ധപ്പെട്ട '2515-00-102-21-36 (P)-General Non-Salary' എന്ന ശീർഷകത്തിൽ പ്രേരക് ഓണറേറിയത്തിനായി ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഇതിനായുള്ള ചെലവ് കണ്ടെത്തേണ്ടതും, തദ്ദേശ സ്ഥാപനങ്ങൾ അനുവദിയ്ക്കേണ്ടതായ വിഹിതം ടി സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം
2) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുനന്തപുരം.
3) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.3370, O.A, തീയതി 29.10.2025)
4) ധനകാര്യ (വികസന) വകുപ്പ്
5) ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂമീഡിയ)
6) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Dipukumar S L

Date: 04-11-2025 15:58:03

സെക്ഷൻ ഓഫീസർ